**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 30** **08-08-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സർക്കാരിനെതിരായുള്ള കേന്ദ്രനയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ തകർക്കുന്ന രീതിയിലും സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്ന തരത്തിലുമുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ ഇത് തടയാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (എ) | ഉണ്ട്. നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന ഘടനയുടെ അവിഭാജ്യഘടകമായ ഫെഡറലിസത്തിന്റെ അന്തഃസത്തയെ ചോർത്തുന്ന ചില നടപടികൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നുണ്ട്. അതിന്റെ ഉദാഹരണങ്ങളാണ് സമാവർത്തി ലിസ്റ്റിൽപ്പെട്ട വൈദ്യുതി മേഖലയുടെ നിയന്ത്രണത്തെ സംബന്ധിച്ച് കേന്ദ്ര സർക്കാർ കൊണ്ടു വന്ന ബില്ല്. അതിനു പുറമെ, സംസ്ഥാന ലിസ്റ്റിലെ വിഷയങ്ങളായ മൈനർ തുറമുഖങ്ങൾ, മൈനർ ഡാമുകൾ, സഹകരണസംഘങ്ങളെ ബാധിക്കുന്ന ബാങ്കിംഗ് റെഗുലേഷൻ ആക്റ്റിലെ ഭേദഗതി എന്നിവയുടെ കാര്യത്തിലും കേന്ദ്രസർക്കാർ നടത്തുന്ന നിയമനിർമ്മാണങ്ങൾ. ഭരണഘടനയുടെ ഏഴാം പട്ടികയിൽ കൃത്യമായി സംസ്ഥാന വിഷയങ്ങളിൽപ്പെടുന്ന ഇനങ്ങളിലാണ് കേന്ദ്രം നിയമനിർമ്മാണം നടത്തുന്നത്.<br><br>കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധങ്ങളിൽ ധനകാര്യ ഫെഡറലിസത്തിന് വിരുദ്ധമായ സമീപനങ്ങൾ കേന്ദ്ര സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിന്റെ ഏറ്റവും നല്ല ദൃഷ്ടാന്തമാണ് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട നികുതി വിഭജന പൂളിൽ ഉൾപ്പെടാത്ത സർചാർജ്ജുകളിലും സെസ്സുകളിലും അടിക്കടി വരുത്തുന്ന വലിയ വർദ്ധന. ഇപ്പോൾ കേന്ദ്രത്തിന്റെ ആകെ നികുതി വരുമാനത്തിന്റെ 19-20 ശതമാനത്തോളം വരും സർചാർജ്ജുകളും സെസ്സുകളും. ഇത് സംസ്ഥാനങ്ങളുടെ പൊതു ധനകാര്യസ്ഥിതിയെ തീർത്തും പ്രതികൂലമായി ബാധിക്കുന്ന നടപടിയാണ്. മറ്റൊരു ഫെഡറൽ വിരുദ്ധ പ്രവണത സംസ്ഥാനങ്ങളുടെ കമ്പോളവായ്പാ പരിധിയെ |

ഏകപക്ഷീയമായി വെട്ടിച്ചുരുക്കാൻ കേന്ദ്ര ധനമന്ത്രാലയം സ്വീകരിക്കുന്ന നടപടികളാണ്. ധനകാര്യ കമ്മീഷനുകളുടെ ശിപാർശകൾ ബഹു.രാഷ്ട്രപതി അംഗീകരിച്ച് പാർലമെന്റിന്റെ ഇരു സഭകളിലും വെച്ച ശേഷം, ആ റിപ്പോർട്ടുകളിൽ സംസ്ഥാനങ്ങൾക്ക് അനുവദനീയം എന്ന് കേന്ദ്രം കൂടി അംഗീകരിച്ച വായ്പാ പരിധി ശിപാർശകൾക്ക് വിരുദ്ധമായി കേന്ദ്ര ധനമന്ത്രാലയം എക്സിക്യൂട്ടീവ് ഉത്തരവുകളിലൂടെ കമ്പോള വായ്പാ പരിധി കുറയ്ക്കുകയാണ്. 2022 മാർച്ച് 31-ന് കേന്ദ്ര ധനമന്ത്രാലയം പുറപ്പെടുവിച്ച കത്തിൽ നിയമപ്രകാരം പ്രത്യേക നിലനിൽപ്പുള്ള പൊതുമേഖലാ സ്ഥാപനങ്ങളും സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളും എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ വായ്പയിൽ ഉൾപ്പെടുത്തും എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് ഭരണഘടനാ തത്വങ്ങൾക്ക് അനുസൃതമല്ല.

കോവിഡാനന്തര കാലത്ത് നമ്മൾ നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾ കേന്ദ്ര ധനമന്ത്രാലയത്തിനു മുന്നിലും, ജി.എസ്.ടി. കൗൺസിലിനു മുമ്പിലും ശക്തിയായി അവതരിപ്പിച്ചപ്പോഴും അനുകൂലമായ സമീപനം ജി.എസ്.ടി. നഷ്ടപരിഹാരത്തിന്റെയും ഗ്രാന്റുകളുടെയും കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല. ഈ അനുഭവങ്ങളുടെ വെളിച്ചത്തിൽ കാണാൻ കഴിയുന്നത് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ സാമ്പത്തിക ഞെരുക്കത്തിന് കാരണമാകുന്ന രീതിയിൽ ഫെഡറൽ തത്വങ്ങൾക്ക് നിരക്കാത്ത സമീപനമാണ് കേന്ദ്ര സർക്കാർ കൈക്കൊള്ളുന്നത് എന്നാണ്.

കേന്ദ്ര സർക്കാരിന്റെ മേൽപ്പറഞ്ഞ സമീപനങ്ങൾ ഫെഡറൽ തത്വങ്ങൾക്ക് അനുസൃതമല്ല എന്ന് ചൂണ്ടിക്കാട്ടി ബഹു.പ്രധാനമന്ത്രിക്കും ബഹു.കേന്ദ്ര ധനകാര്യമന്ത്രിക്കും കേരളം വിശദമായ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ജി.എസ്.ടി. കൗൺസിലിൽ മറ്റു സംസ്ഥാനങ്ങളോടൊപ്പം ചേർന്ന് നഷ്ടപരിഹാര കാലാവധി ദീർഘിപ്പിക്കുന്ന കാര്യത്തിൽ കേരളം നേതൃപരമായ പങ്കാണ് വഹിച്ചത്.

സംസ്ഥാന വിഷയങ്ങളിൽ കടന്നുകയറി കേന്ദ്രം നടത്തുന്ന നിയമനിർമ്മാണങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാനുള്ള മുന്നൊരുക്കങ്ങളും കേരളം നടത്തിയിട്ടുണ്ട്. ബാങ്കിംഗ് റെഗുലേഷൻ ആക്ടിൽ വരുത്തിയ, സഹകരണ സംഘങ്ങളെ പ്രതികൂലമായി ബാധിക്കുന്ന നിയമ ഭേദഗതിക്കെതിരെ കേരളം ഇതിനകം ബഹു.സുപ്രീംകോടതിയെ സമീപിച്ചു കഴിഞ്ഞു. മറ്റു നിയമനിർമ്മാണങ്ങളുടെ കാര്യത്തിലും,

| | | | |
|---|---|---|---|
| | | | വായ്പാ പരിധിയുടെ കാര്യത്തിലും കേരളം സാധ്യമായ നിയമനടപടികളെക്കുറിച്ച് നിയമോപദേശം തേടിയിട്ടുണ്ട്.<br><br>സാമൂഹിക-മാനവവിഭവ ശേഷി മേഖലകളിൽ വലിയ നേട്ടങ്ങൾ കൈവരിച്ച നമ്മുടെ സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും ധനകാര്യ കമ്മീഷനുകളുടെ ശിപാർശ പ്രകാരം ലഭിക്കുന്ന നികുതി വിഹിതം ക്രമാനുഗതമായി കുറഞ്ഞു വരുന്നതായാണ് കാണപ്പെടുന്നത്. ഇത്തരം കാര്യങ്ങളിൽ മറ്റു സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ചു കൊണ്ട് വരാൻ പോകുന്ന പതിനാറാം ധനകാര്യ കമ്മീഷനു മുമ്പാകെ എടുക്കേണ്ട പൊതു സമീപനത്തെക്കുറിച്ചും സംസ്ഥാന സർക്കാർ ആലോചിച്ചു വരികയാണ്. |
| (ബി) | കേന്ദ്ര സർക്കാർ നടപ്പാക്കിയ നയങ്ങൾ മൂലം സംസ്ഥാനം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ടോ; എങ്കിൽ അവ പരിഹരിക്കാൻ മറ്റ് സംസ്ഥാനങ്ങളുമായി സഹകരിച്ച് നിയമപരമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഉണ്ട്. നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന ഘടനയുടെ അവിഭാജ്യഘടകമായ ഫെഡറലിസത്തിന്റെ അന്തഃസത്തയെ ചോർത്തുന്ന ചില നടപടികൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നുണ്ട്. അതിന്റെ ഉദാഹരണങ്ങളാണ് സമാവർത്തി ലിസ്റ്റിൽപ്പെട്ട വൈദ്യുതി മേഖലയുടെ നിയന്ത്രണത്തെ സംബന്ധിച്ച് കേന്ദ്ര സർക്കാർ കൊണ്ടു വന്ന ബില്ല്. അതിനു പുറമെ, സംസ്ഥാന ലിസ്റ്റിലെ വിഷയങ്ങളായ മൈനർ തുറമുഖങ്ങൾ, മൈനർ ഡാമുകൾ, സഹകരണസംഘങ്ങളെ ബാധിക്കുന്ന ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ ഭേദഗതി എന്നിവയുടെ കാര്യത്തിലും കേന്ദ്രസർക്കാർ നടത്തുന്ന നിയമനിർമ്മാണങ്ങൾ. ഭരണഘടനയുടെ ഏഴാം പട്ടികയിൽ കൃത്യമായി സംസ്ഥാന വിഷയങ്ങളിൽപ്പെടുന്ന ഇനങ്ങളിലാണ് കേന്ദ്രം നിയമനിർമ്മാണം നടത്തുന്നത്.<br><br>കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധങ്ങളിൽ ധനകാര്യ ഫെഡറലിസത്തിന് വിരുദ്ധമായ സമീപനങ്ങൾ കേന്ദ്ര സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിന്റെ ഏറ്റവും നല്ല ദൃഷ്ടാന്തമാണ് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട നികുതി വിഭജന പൂളിൽ ഉൾപ്പെടാത്ത സർചാർജ്ജുകളിലും സെസ്സുകളിലും അടിക്കടി വരുത്തുന്ന വലിയ വർദ്ധന. ഇപ്പോൾ കേന്ദ്രത്തിന്റെ ആകെ നികുതി വരുമാനത്തിന്റെ 19-20 ശതമാനത്തോളം വരും സർചാർജ്ജുകളും സെസ്സുകളും. ഇത് സംസ്ഥാനങ്ങളുടെ പൊതു ധനകാര്യസ്ഥിതിയെ തീർത്തും പ്രതികൂലമായി ബാധിക്കുന്ന നടപടിയാണ്. മറ്റൊരു ഫെഡറൽ വിരുദ്ധ പ്രവണത സംസ്ഥാനങ്ങളുടെ കമ്പോളവായ്പാ പരിധിയെ ഏകപക്ഷീയമായി വെട്ടിച്ചുരുക്കാൻ കേന്ദ്ര |

ധനമന്ത്രാലയം സ്വീകരിക്കുന്ന നടപടികളാണ്. ധനകാര്യ കമ്മീഷനുകളുടെ ശിപാർശകൾ ബഹു.രാഷ്ട്രപതി അംഗീകരിച്ച് പാർലമെന്റിന്റെ ഇരു സഭകളിലും വെച്ച ശേഷം, ആ റിപ്പോർട്ടുകളിൽ സംസ്ഥാനങ്ങൾക്ക് അനുവദനീയം എന്ന് കേന്ദ്രം കൂടി അംഗീകരിച്ച വായ്പാ പരിധി ശിപാർശകൾക്ക് വിരുദ്ധമായി കേന്ദ്ര ധനമന്ത്രാലയം എക്സിക്യൂട്ടീവ് ഉത്തരവുകളിലൂടെ കമ്പോള വായ്പാ പരിധി കുറയ്ക്കുകയാണ്. 2022 മാർച്ച് 31-ന് കേന്ദ്ര ധനമന്ത്രാലയം പുറപ്പെടുവിച്ച കത്തിൽ നിയമപ്രകാരം പ്രത്യേക നിലനിൽപ്പുള്ള പൊതുമേഖലാ സ്ഥാപനങ്ങളും സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളും എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ വായ്പയിൽ ഉൾപ്പെടുത്തും എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് ഭരണഘടനാ തത്വങ്ങൾക്ക് അനുസൃതമല്ല.

കോവിഡാനന്തര കാലത്ത് നമ്മൾ നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾ കേന്ദ്ര ധനമന്ത്രാലയത്തിനു മുന്നിലും, ജി.എസ്.ടി. കൗൺസിലിനു മുമ്പിലും ശക്തിയായി അവതരിപ്പിച്ചപ്പോഴും അനുകൂലമായ സമീപനം ജി.എസ്.ടി. നഷ്ടപരിഹാരത്തിന്റെയും ഗ്രാന്റുകളുടെയും കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല. ഈ അനുഭവങ്ങളുടെ വെളിച്ചത്തിൽ കാണാൻ കഴിയുന്നത് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ സാമ്പത്തിക ഞെരുക്കത്തിന് കാരണമാകുന്ന രീതിയിൽ ഫെഡറൽ തത്വങ്ങൾക്ക് നിരക്കാത്ത സമീപനമാണ് കേന്ദ്ര സർക്കാർ കൈക്കൊള്ളുന്നത് എന്നാണ്.

കേന്ദ്ര സർക്കാരിന്റെ മേൽപ്പറഞ്ഞ സമീപനങ്ങൾ ഫെഡറൽ തത്വങ്ങൾക്ക് അനുസൃതമല്ല എന്ന് ചൂണ്ടിക്കാട്ടി ബഹു.പ്രധാനമന്ത്രിക്കും ബഹു.കേന്ദ്ര ധനകാര്യമന്ത്രിക്കും കേരളം വിശദമായ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ജി.എസ്.ടി. കൗൺസിലിൽ മറ്റു സംസ്ഥാനങ്ങളോടൊപ്പം ചേർന്ന് നഷ്ടപരിഹാര കാലാവധി ദീർഘിപ്പിക്കുന്ന കാര്യത്തിൽ കേരളം നേതൃപരമായ പങ്കാണ് വഹിച്ചത്.

സംസ്ഥാന വിഷയങ്ങളിൽ കടന്നുകയറി കേന്ദ്രം നടത്തുന്ന നിയമനിർമ്മാണങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാനുള്ള മുന്നൊരുക്കങ്ങളും കേരളം നടത്തിയിട്ടുണ്ട്. ബാങ്കിംഗ് റെഗുലേഷൻ ആക്ടിൽ വരുത്തിയ, സഹകരണ സംഘങ്ങളെ പ്രതികൂലമായി ബാധിക്കുന്ന നിയമ ഭേദഗതിക്കെതിരെ കേരളം ഇതിനകം ബഹു.സുപ്രീംകോടതിയെ സമീപിച്ചു കഴിഞ്ഞു. മറ്റു നിയമനിർമ്മാണങ്ങളുടെ കാര്യത്തിലും, വായ്പാ പരിധിയുടെ കാര്യത്തിലും കേരളം സാധ്യമായ

| | | | |
|---|---|---|---|
| | | | നിയമനടപടികളെക്കുറിച്ച് നിയമോപദേശം തേടിയിട്ടുണ്ട്.<br><br>സാമൂഹിക-മാനവവിഭവ ശേഷി മേഖലകളിൽ വലിയ നേട്ടങ്ങൾ കൈവരിച്ച നമ്മുടെ സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും ധനകാര്യ കമ്മീഷനുകളുടെ ശിപാർശ പ്രകാരം ലഭിക്കുന്ന നികുതി വിഹിതം ക്രമാനുഗതമായി കുറഞ്ഞു വരുന്നതായാണ് കാണപ്പെടുന്നത്. ഇത്തരം കാര്യങ്ങളിൽ മറ്റു സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ചു കൊണ്ട് വരാൻ പോകുന്ന പതിനാറാം ധനകാര്യ കമ്മീഷനു മുമ്പാകെ എടുക്കേണ്ട പൊതു സമീപനത്തെക്കുറിച്ചും സംസ്ഥാന സർക്കാർ ആലോചിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

# <u>വിശദീകരണക്കുറിപ്പ്</u>

ഉണ്ട്. നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന ഘടനയുടെ അവിഭാജ്യഘടകമായ ഫെഡറലിസത്തിന്റെ അന്തഃസത്തയെ ചോർത്തുന്ന ചില നടപടികൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നുണ്ട്. അതിന്റെ ഉദാഹരണങ്ങളാണ് സമാവർത്തി ലിസ്റ്റിൽപ്പെട്ട വൈദ്യുതി മേഖലയുടെ നിയന്ത്രണത്തെ സംബന്ധിച്ച് കേന്ദ്ര സർക്കാർ കൊണ്ടു വന്ന ബില്ല്. അതിനു പുറമെ, സംസ്ഥാന ലിസ്റ്റിലെ വിഷയങ്ങളായ മൈനർ തുറമുഖങ്ങൾ, മൈനർ ഡാമുകൾ, സഹകരണസംഘങ്ങളെ ബാധിക്കുന്ന ബാങ്കിംഗ് റെഗുലേഷൻ ആക്റ്റിലെ ഭേദഗതി എന്നിവയുടെ കാര്യത്തിലും കേന്ദ്രസർക്കാർ നടത്തുന്ന നിയമനിർമ്മാണങ്ങൾ. ഭരണഘടനയുടെ ഏഴാം പട്ടികയിൽ കൃത്യമായി സംസ്ഥാന വിഷയങ്ങളിൽപ്പെടുന്ന ഇനങ്ങളിലാണ് കേന്ദ്രം നിയമനിർമ്മാണം നടത്തുന്നത്.

കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധങ്ങളിൽ ധനകാര്യ ഫെഡറലിസത്തിന് വിരുദ്ധമായ സമീപനങ്ങൾ കേന്ദ്ര സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിന്റെ ഏറ്റവും നല്ല ദൃഷ്ടാന്തമാണ് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട നികുതി വിഭജന പൂളിൽ ഉൾപ്പെടാത്ത സർചാർജ്ജുകളിലും സെസ്സുകളിലും അടിക്കടി വരുത്തുന്ന വലിയ വർദ്ധന. ഇപ്പോൾ കേന്ദ്രത്തിന്റെ ആകെ നികുതി വരുമാനത്തിന്റെ 19-20 ശതമാനത്തോളം വരും സർചാർജ്ജുകളും സെസ്സുകളും. ഇത് സംസ്ഥാനങ്ങളുടെ പൊതു ധനകാര്യസ്ഥിതിയെ തീർത്തും പ്രതികൂലമായി ബാധിക്കുന്ന നടപടിയാണ്. മറ്റൊരു ഫെഡറൽ വിരുദ്ധ പ്രവണത സംസ്ഥാനങ്ങളുടെ കമ്പോളവായ്പാ പരിധിയെ ഏകപക്ഷീയമായി വെട്ടിച്ചുരുക്കാൻ കേന്ദ്ര ധനമന്ത്രാലയം സ്വീകരിക്കുന്ന നടപടികളാണ്. ധനകാര്യ കമ്മീഷനുകളുടെ ശിപാർശകൾ ബഹു.രാഷ്ട്രപതി അംഗീകരിച്ച്

പാർലമെന്റിന്റെ ഇരു സഭകളിലും വെച്ച ശേഷം, ആ റിപ്പോർട്ടുകളിൽ സംസ്ഥാനങ്ങൾക്ക് അനുവദനീയം എന്ന് കേന്ദ്രം കൂടി അംഗീകരിച്ച വായ്പാ പരിധി ശിപാർശകൾക്ക് വിരുദ്ധമായി കേന്ദ്ര ധനമന്ത്രാലയം എക്സിക്യൂട്ടീവ് ഉത്തരവുകളിലൂടെ കമ്പോള വായ്പാ പരിധി കുറയ്ക്കുകയാണ്. 2022 മാർച്ച് 31-ന് കേന്ദ്ര ധനമന്ത്രാലയം പുറപ്പെടുവിച്ച കത്തിൽ നിയമപ്രകാരം പ്രത്യേക നിലനിൽപ്പുള്ള പൊതുമേഖലാ സ്ഥാപനങ്ങളും സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളും എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ വായ്പയിൽ ഉൾപ്പെടുത്തും എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് ഭരണഘടനാ തത്വങ്ങൾക്ക് അനുസൃതമല്ല.

കോവിഡാനന്തര കാലത്ത് നമ്മൾ നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾ കേന്ദ്ര ധനമന്ത്രാലയത്തിനു മുന്നിലും, ജി.എസ്.ടി. കൗൺസിലിനു മുമ്പിലും ശക്തിയായി അവതരിപ്പിച്ചപ്പോഴും അനുകൂലമായ സമീപനം ജി.എസ്.ടി. നഷ്ടപരിഹാരത്തിന്റെയും ഗ്രാന്റുകളുടെയും കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല. ഈ അനുഭവങ്ങളുടെ വെളിച്ചത്തിൽ കാണാൻ കഴിയുന്നത് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ സാമ്പത്തിക ഞെരുക്കത്തിന് കാരണമാകുന്ന രീതിയിൽ ഫെഡറൽ തത്വങ്ങൾക്ക് നിരക്കാത്ത സമീപനമാണ് കേന്ദ്ര സർക്കാർ കൈക്കൊള്ളുന്നത് എന്നാണ്.

കേന്ദ്ര സർക്കാരിന്റെ മേൽപ്പറഞ്ഞ സമീപനങ്ങൾ ഫെഡറൽ തത്വങ്ങൾക്ക് അനുസൃതമല്ല എന്ന് ചൂണ്ടിക്കാട്ടി ബഹു.പ്രധാനമന്ത്രിക്കും ബഹു.കേന്ദ്ര ധനകാര്യമന്ത്രിക്കും കേരളം വിശദമായ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ജി.എസ്.ടി. കൗൺസിലിൽ മറ്റു സംസ്ഥാനങ്ങളോടൊപ്പം ചേർന്ന് നഷ്ടപരിഹാര കാലാവധി ദീർഘിപ്പിക്കുന്ന കാര്യത്തിൽ കേരളം നേതൃപരമായ പങ്കാണ് വഹിച്ചത്.

സംസ്ഥാന വിഷയങ്ങളിൽ കടന്നുകയറി കേന്ദ്രം നടത്തുന്ന നിയമനിർമ്മാണങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാനുള്ള മുന്നൊരുക്കങ്ങളും കേരളം നടത്തിയിട്ടുണ്ട്. ബാങ്കിംഗ് റെഗുലേഷൻ ആക്ടിൽ വരുത്തിയ, സഹകരണ സംഘങ്ങളെ പ്രതികൂലമായി ബാധിക്കുന്ന നിയമ ഭേദഗതിക്കെതിരെ കേരളം ഇതിനകം ബഹു.സുപ്രീംകോടതിയെ സമീപിച്ചു കഴിഞ്ഞു. മറ്റു നിയമനിർമ്മാണങ്ങളുടെ കാര്യത്തിലും, വായ്പാ പരിധിയുടെ കാര്യത്തിലും കേരളം സാധ്യമായ നിയമനടപടികളെക്കുറിച്ച് നിയമോപദേശം തേടിയിട്ടുണ്ട്.

സാമൂഹിക-മാനവവിഭവ ശേഷി മേഖലകളിൽ വലിയ നേട്ടങ്ങൾ കൈവരിച്ച നമ്മുടെ സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും ധനകാര്യ കമ്മീഷനുകളുടെ ശിപാർശ പ്രകാരം ലഭിക്കുന്ന നികുതി വിഹിതം ക്രമാനുഗതമായി കുറഞ്ഞു വരുന്നതായാണ് കാണപ്പെടുന്നത്. ഇത്തരം കാര്യങ്ങളിൽ മറ്റു സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ചു കൊണ്ട് വരാൻ പോകുന്ന പതിനാറാം ധനകാര്യ കമ്മീഷനു മുമ്പാകെ എടുക്കേണ്ട പൊതു സമീപനത്തെക്കുറിച്ചും സംസ്ഥാന സർക്കാർ ആലോചിച്ചു വരികയാണ്.